# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 06.10.2025**

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 22 ന് കേരളത്തിലെത്തും.
2. ശബരിമലയിലെ സ്വർണപ്പാളി വിഷയത്തെ ചൊല്ലിയുള്ള പ്രതിപക്ഷ ബഹളത്തിൽ നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു.
3. ശബരിമലയിലെ ദ്വാരപാലക ശിൽപങ്ങളിൽ നിന്ന് സ്വർണ്ണം നഷ്ടമായതുമായി ബന്ധപ്പെട്ട സംഭവത്തിൽ സമഗ്ര അന്വേഷണത്തിന് ഉത്തരവിട്ട് ഹൈക്കോടതി .
4. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പ് രണ്ട് ഘട്ടങ്ങളിലായി അടുത്ത മാസം ആറിനും, 11 നും. വോട്ടെണ്ണൽ നവംബർ 14ന്.
5. കുട്ടികളുടെ ചുമ മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച് പഠിച്ച്, അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ചു.
6. വൈദ്യശാസ്ത്രത്തിനുള്ള 2025 ലെ നൊബേൽ പുരസ്കാരങ്ങൾ മൂന്ന് ശാസ്ത്രജ്ഞർക്ക്. പുരസ്കാരം മനുഷ്യശരീരത്തിലെ ടി സെല്ലുകളുടെ കണ്ടെത്തലിന്.

*********************

PNU TVPM

## രാഷ്ട്രപതി കേരളത്തിൽ

രാഷ്ട്രപതി ദ്രൗപദി മുർമു മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഈ മാസം 22 ന് കേരളത്തിലെത്തും. 22 ന് ഉച്ചയ്ക്ക് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തുന്ന രാഷ്ട്രപതി അന്ന് വൈകിട്ട് ശബരിമലയിൽ ദർശനം നടത്തും. രാജ്ഭവനിൽ 23 ന് നടക്കുന്ന പരിപാടിയിൽ പങ്കെടുത്ത ശേഷം രാഷ്ട്രപതി കുമരകത്തേക്ക് പോകും. ഈ മാസം 24 ന് പാലായിലെ പരിപാടിയിൽ പങ്കെടുത്ത ശേഷം ശ്രീമതി മുർമു ഡൽഹിക്ക് മടങ്ങും.

*********************

## നിയമസഭ- പ്രതിഷേധം

പതിനഞ്ചാം നിയമസഭയുടെ 14-ാം സമ്മേളനം ഒരാഴ്ചത്തെ ഇടവേളയ്ക്കുശേഷം ഇന്ന് പുനരാരംഭിച്ചെങ്കിലും ശബരിമലയിലെ സ്വർണപ്പാളി വിഷയത്തെ ചൊല്ലിയുള്ള പ്രതിപക്ഷ ബഹളത്തിൽ സഭ ഇന്ന് നേരത്തെ പിരിഞ്ഞു. ചോദ്യോത്തരവേള തടസ്സപ്പെടുത്തരുതെന്ന് സ്പീക്കർ നിർദ്ദേശിച്ചെങ്കിലും പ്രതിപക്ഷം ബഹളം തുടർന്നു. ഇതോടെയാണ് നടപടികൾ വേഗത്തിൽ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞത്. അതിനിടെ 2025 ലെ മലയാള ഭാഷ ബിൽ, സർവ്വകലാശാല നിയമഭേദഗതി ബിൽ 2025 ഉൾപ്പെടെ ആറ് ബില്ലുകൾ ചർച്ചയില്ലാതെ സബ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടു. സഭ വീണ്ടും നാളെ ചേരും.

*********************

## ശബരിമല-ഉന്നതതല അന്വേഷണം

ശബരിമല സ്വർണ്ണപ്പാളി വിഷയവുമായി ബന്ധപ്പെട്ട് ഉയർന്ന എല്ലാ ആക്ഷേപങ്ങളെ കുറിച്ചും സമഗ്ര ഉന്നതതല അന്വേഷണത്തിന് ഉത്തരവിട്ട് ഹൈക്കോടതി. ഹൈക്കോടതി നടപടിയെ സ്വാഗതം ചെയ്യുന്നതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചു.

*********************

RNU TVPM

## വി.എൻ.വാസവൻ-നിയമസഭ

ശബരിമല ക്ഷേത്രത്തിലെ സ്വർണ്ണപ്പാളി വിഷയത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച ഹൈക്കോടതി വിധി സ്വാഗതം ചെയ്യുന്നതായി ദേവസ്വം മന്ത്രി വി എൻ വാസവൻ. കോടതി നിർദ്ദേശിച്ച അന്വേഷണ സംഘം വസ്തുത കണ്ടെത്തുമെന്നും അദ്ദേഹം നിയമസഭയ്ക്ക് പുറത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. അതേസമയം, തെളിവുകൾ ഉണ്ടായിരുന്നിട്ടും ദേവസ്വം ബോർഡും സർക്കാരും ഇക്കാര്യത്തിൽ യാതൊരു ക്രിമിനൽ നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശനും മാധ്യമങ്ങളോട് പറഞ്ഞു.

*********************

## ചുമ മരുന്നു- വീണാ ജോർജ്

കുട്ടികളുടെ ചുമ മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച് പഠിച്ച്, അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ചതായി സംസ്ഥാന ആരോഗ്യ വകുപ്പ് .സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ, ഐ.എ.പി സംസ്ഥാന പ്രസിഡന്റ് എന്നിവരാണ് സമിതിയിലുള്ളത്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രത്യേക മാർഗരേഖ പുറത്തിറക്കുമെന്ന് മന്ത്രി വീണാ ജോർജ് വ്യക്തമാക്കി.അംഗീകൃത ഡോക്ടറുടെ കുറിപ്പടി ഇല്ലാതെയോ , പഴയ കുറിപ്പടി വച്ചോ കുട്ടികൾക്കായി കഫ് സിറപ്പ് നൽകരുതെന്നും ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചു . കോൾഡ്രിഫ് സിറപ്പിനു പ്രശ്നം കണ്ടെത്തിയെന്ന റിപ്പോർട്ടിനെ തുടർന്ന് കേരളത്തിൽ കോൾഡ്രിഫ് സിറപ്പിന്റെ വിൽപന താൽക്കാലികമായി നിർത്തിവച്ചു .

RNU TVPM

*********************

## ബിഹാർ-തെരഞ്ഞെടുപ്പ്

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. നവംബർ ആറിനും, 11 നും രണ്ട്

ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ നവംബർ 14 ന് നടക്കുമെന്നും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു. സംസ്ഥാനത്തെ 243 നിയമസഭാ മണ്ഡലങ്ങളിലേക്കാണ് തിരഞ്ഞെടുപ്പ്. ഒന്നാംഘട്ട തിരഞ്ഞെടുപ്പിൻറെ വിജ്ഞാപനം ഈ മാസം 10 ന് പുറപ്പെടുവിക്കും.

**********************

<u>ഗവർണർ-ഡിജിറ്റൽ യൂണിവേഴ്സിറ്റി</u>

അക്കാദമിക നേട്ടങ്ങൾ സാമൂഹിക പുരോഗതിക്ക് ഉപയോഗിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുടെ മൂന്നാമത് ബിരുദദാനം കാര്യവട്ടം ഗ്രീൻഫീൽഡ് ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ബിരുദ നേട്ടം ജീവിതത്തെ അർഥപൂർണമാക്കാനുള്ള വഴിയായി മാറണമെന്നും, തൊഴിൽ നേടുക എന്നതിനപ്പുറം മറ്റുള്ളവർക്ക് ജോലി നൽകുക എന്നതായിരിക്കണം ലക്ഷ്യം എന്നും അദ്ദേഹം പറഞ്ഞു.

**********************

<u>നൊബേൽ പുരസ്കാരം-വൈദ്യശാസ്ത്രം</u>

RNUTVPM

വൈദ്യശാസ്ത്രത്തിനുള്ള 2025 ലെ നൊബേൽ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. യുഎസ് ശാസ്ത്രജ്ഞരായ മേരി ബ്രൻകോവ്, ഫ്രെഡ് റാംസ്ഡെൽ, ജപ്പാനിൽ നിന്നുള്ള ഷിമോൺ സകാഗുച്ചി എന്നിവർക്കാണ് പുരസ്കാരം. പ്രതിരോധ ശേഷിയുമായി ബന്ധപ്പെട്ട ടി സെല്ലുകളുടെ നിർണായക കണ്ടെത്തലാണ് പുരസ്കാരം നേടിക്കൊടുത്തത്. ഓട്ടോ ഇമ്യൂൺ രോഗം, അർബുദം എന്നിവയുടെ ചികിത്സ, അവയവമാറ്റ ശസ്ത്രക്രിയകൾ എന്നിവയിൽ വലിയ മാറ്റങ്ങൾക്ക് ടി സെല്ലുകളുടെ കണ്ടുപിടിത്തം വഴിയൊരുക്കി.

**********************

## കോഴിക്കോട്-അന്താരാഷ്ട്ര അംഗീകാരം-(ഇൻട്രോ)

കോഴിക്കോട് ബേപ്പൂരിലെ വിനോദസഞ്ചാര വികസനത്തിന് അന്താരാഷ്ട്ര അംഗീകാരം. നെതർലൻഡ്സ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്രീൻ ഡെസ്റ്റിനേഷൻസ് സംഘടനയുടെ ആഗോള സുസ്ഥിര വിനോദസഞ്ചാര കേന്ദ്രങ്ങളെ അടയാളപ്പെടുത്തുന്ന 'നൂറ് ഹരിത ഇടങ്ങൾ' പട്ടികയിലാണ് ബേപ്പൂർ സ്ഥാനം പിടിച്ചത്. വിഷാദശാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.... (വോയിസ് )

*********************

## പോലീസ് മേധാവി-തിരഞ്ഞെടുപ്പ് കമ്മീഷണർ

തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ, സംസ്ഥാന പോലീസ് മേധാവിയുമായി ചർച്ച നടത്തി.

തിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള ക്രമസമാധാനപാലന നടപടികൾ, പോലീസ് വിന്യാസം തുടങ്ങിയ കാര്യങ്ങൾ ഇരുവരും ചർച്ച ചെയ്തു. തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് നടന്ന യോഗത്തിൽ മറ്റുന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു.

RNU TVPM

*********************

## മുഖ്യമന്ത്രി അപലപിച്ചു -ചീഫ് ജസ്റ്റിസ്

ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ്ക്കു നേരെ കോടതി മുറിയിൽ നടന്ന അക്രമശ്രമത്തെ മുഖ്യമന്ത്രി പിണറായി വിജയൻ ശക്തമായി അപലപിച്ചു. സനാതന ധർമ്മത്തിനെതിരെ പ്രവർത്തിക്കുന്നു എന്നാരോപിച്ചാണ്

അഭിഭാഷക വേഷധാരി ഷൂ എറിയാൻ ആഞ്ഞത് എന്നാണ് റിപ്പോർട്ട്. സോളിസിറ്റർ ജനറൽ തുഷാർ മേത്തയും സംഭവത്തെ അപലപിച്ചു.

*********************

## ഗ്രാമവണ്ടി -ഇടുക്കി (ഇൻട്രോ)

ഇടുക്കി ജില്ലയിലെ ആദ്യത്തെ ഗ്രാമവണ്ടി ഉടുമ്പന്നൂരിൽ സർവീസ് തുടങ്ങി. ഗ്രാമപ്രദേശങ്ങളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി നടപ്പാക്കുന്നതാണ് പദ്ധതി .
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

(വോയ്സ്)

*********************

## എയർ ഇന്ത്യ - മുഖ്യമന്ത്രി

അടുത്ത വർഷത്തോടെ കേരളത്തിലേക്കുള്ള അന്താരാഷ്ട്ര സർവ്വീസുകളുടെ എണ്ണം 231 ആയും
ആഭ്യന്തര സർവ്വീസുകളുടെ എണ്ണം 245 ആയും വർധിപ്പിക്കുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ്സ് . ഇതോടെ ശൈത്യകാലത്തിൽ കേരളത്തിൽ നിന്നുള്ള വിമാന സർവ്വീസുകളിൽ വരുത്തിയ കുറവ് പരിഹരിക്കപ്പെടുമെന്നും എയർ ഇന്ത്യ വ്യക്തമാക്കി . വിമാന സർവ്വീസുകളിൽ ഗണ്യമായ കുറവ് വരുത്തിയതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുമായി  എയർ ഇന്ത്യ പ്രതിനിധികൾ നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യം അറിയിച്ചത്.

RNU TVPM

*********************

## മഴ (ഇൻട്രോ)

സംസ്ഥാനത്ത് മറ്റന്നാൾ മുതൽ മഴ വീണ്ടും ശക്തി പ്രാപിക്കും. ശനിയാഴ്ച വരെ വിവിധ ജില്ലകളിൽ
ഒറ്റപ്പെട്ട ശക്തമായ മഴയുണ്ടാകുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ് .
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

*********************

## പ്രയുക്തി - തൊഴിൽ മേള

ആറ്റിങ്ങൽ ഗവ.കോളേജിൽ സംഘടിപ്പിച്ച "പ്രയുക്തി" തൊഴിൽ മേളയിൽ 245 പേർക്ക് ജോലി ലഭിച്ചു.തിരുവനന്തപുരം, മോഡൽ ജില്ലാ എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിലാണ് മേള സംഘടിപ്പിച്ചത് . 26 ഉദ്യോഗദായകരും 583 ഉദ്യോഗാർത്ഥികളും പങ്കെടുത്ത മേളയിൽ , 443 പേരെഷോർട്ട് ലിസ്റ്റ് ചെയ്തു .

*********************

## കെ.സി.സി.പി.എൽ-കണ്ണൂർ (ഇൻട്രോ)

ആരോഗ്യ സംരക്ഷണം, ശുചിത്വ ഉൽപന്ന നിർമാണം തുടങ്ങിയ മേഖലകളിൽ പുതിയ ചുവടുവെപ്പുമായി, കണ്ണൂരിലെ പൊതുമേഖലാ സ്ഥാപനമായ കെ.സി.സി.പി.എൽ വിപണിയിൽ എത്തുന്നു. കമ്പനിയുടെ കണ്ണപുരം യൂണിറ്റിൽ ആരംഭിച്ച നിർമ്മാണ കേന്ദ്രത്തിൻറെ ഉദ്ഘാടനം

ഈ മാസം 16 ന് മന്ത്രി പി.രാജീവ് നിർവ്വഹിക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി കെ ഒ ശശിധരൻ.

(വോയ്സ്)

*********************

## ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പ്

സംസ്ഥാന ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പ് നാളെ കുന്ദംകുളത്ത് ആരംഭിക്കും. ലീഗ് കം നോക്കൗട്ട് അടിസ്ഥാനത്തിൽ നടക്കുന്ന ടൂർണമെന്റിൽ പുരുഷ വിഭാഗത്തിൽ 14 ടീമുകളും, വനിതാ വിഭാഗത്തിൽ 12 ടീമുകളും പങ്കെടുക്കും.

*********************

*********************

*********



RNU TVPM